REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-02-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക മാത്രമല്ല അതിവേഗം ഉപയോഗത്തിൽ വരുത്തുക കൂടി ചെയ്യുന്ന രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- സാങ്കേതിക പുരോഗതിയുടെ ഗുണഫലങ്ങൾ ജനങ്ങൾ പൂർണമായും അനുഭവിച്ചു വരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 26,000 ത്തോളം അധ്യാപകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടതായി മന്ത്രി V. ശിവൻകുട്ടി.
- സംസ്ഥാനത്ത് റമദാൻ വ്രതത്തിന് തുടക്കമായി. പ്രാർഥനാനിരതരായി വിശ്വാസികൾ.
- രണ്ടാം ട്വന്റി-20 വനിതാ ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ആതിഥേയരായ ഓസ്ട്രേലിയയെ നേരിടും.

## വാർത്തകൾ വിശദമായി

നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക മാത്രമല്ല അതിവേഗം ഉപയോഗത്തിൽ വരുത്തുക കൂടി ചെയ്യുന്ന രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യ AI IMPACT ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)...........

ലോകത്തിലെ ഏറ്റവും വലിയ ടെക്പൂളിന്റെ കേന്ദ്രമാണ് ഇന്ത്യയെന്നും, AI ഉച്ചകോടി ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്നത് ഇന്ത്യയോടൊപ്പം ദക്ഷിണേഷ്യക്കും അഭിമാനകരമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നിർമിതബുദ്ധി മാനവിക ചരിത്രത്തിൽ മാറ്റങ്ങളുടെ അദ്ധ്യായം കുറിക്കുന്നുവെന്ന് പറഞ്ഞ പ്രധാനമന്ത്രി, ഇത്തരം വഴിത്തിരിവുകൾ മാനവികതയുടെ ദിശാബോധം നിർണ്ണയിക്കുകയും വികസനത്തിന് ഗതിവേഗം കൂട്ടുമെന്നും അഭിപ്രായപ്പെട്ടു.

നിലവിലെ തലമുറയോടൊപ്പം വരാനിരിക്കുന്ന തലമുറകൾക്കും ഏതു രൂപത്തിലുള്ള നിർമിതബുദ്ധിയാണ് നമ്മൾ കൈമാറുന്നതെന്നു ചിന്തിക്കണമെന്ന് മോദി പറഞ്ഞു. നിർമിതബുദ്ധിയെ ജനാധിപത്യവൽക്കരിക്കുന്നതിനു ഊന്നൽ നൽകിയ പ്രധാനമന്ത്രി ഇത് സമഗ്രതക്കും ശാക്തീകരണത്തിനുമുള്ള ഉപകരണമാവണമെന്നും പറഞ്ഞു.

ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ്, ലോകത്തെ ഉന്നത വ്യവസായ നേതാക്കൾ തുടങ്ങിയവർ ഉച്ചകോടിയെ അഭിസംബോധന ചെയ്തു. ഉച്ചകഴിഞ്ഞ് ചേരുന്ന ലീഡേഴ്സ് പ്ലീനറിൽ ഭരണം, അടിസ്ഥാന സൗകര്യങ്ങൾ, അന്താരാഷ്ട്ര സഹകരണം, എന്നിവയുൾപ്പെടെ നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയിലെ ആഗോള മുൻഗണനകൾ രൂപപ്പെടുത്തുന്നതിന് രാഷ്ട്ര തലവന്മാർ, മന്ത്രിമാർ ബഹുരാഷ്ട്ര സ്ഥാപനങ്ങളിലെ മുതിർന്ന പ്രതിനിധികൾ,എന്നിവർ ഒത്തുചേരും. വൈകിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി CEO റൗണ്ട് ടേബിളിലും പങ്കെടുക്കും.

✪✪✪

അടുത്ത അഞ്ച് വർഷത്തിനകം 15 ബില്യൺ ഡോളർ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി പുതിയ സമുദ്രാന്തർ കേബിളുകൾ വഴി ഇന്ത്യയെ അമേരിക്കയുമായി ബന്ധിപ്പിക്കുമെന്ന് ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ ഗൂഗിൾ അറിയിച്ചു.

'അമേരിക്ക-ഇന്ത്യ കണക്ട്' എന്ന് പേരിട്ട സംയുക്ത അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലൂടെ വിശാഖപട്ടണത്ത് പുതിയ അന്താരാഷ്ട്ര സമുദ്രാന്തർ ഗേറ്റ്‌വേ സ്ഥാപിക്കുമെന്ന് കമ്പനി വ്യക്തമാക്കി.

ഇതിന് പുറമെ ഇന്ത്യയെ സിംഗപ്പൂർ, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ എന്നിവയുമായി ബന്ധിപ്പിക്കുന്ന മൂന്ന് പുതിയ സമുദ്രാന്തർ പാതകളും നാല് തന്ത്രപ്രധാനമായ ഫൈബർ ഒപ്റ്റിക് റൂട്ടുകളും സ്ഥാപിക്കുമെന്നും ഗൂഗിൾ അധികൃതർ അറിയിച്ചു.

✪✪✪

ഛത്രപതി ശിവാജി മഹാരാജിന് അദ്ദേഹത്തിന്റെ ജന്മവാർഷികദിനത്തിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്മരണാഞ്ജലി അർപ്പിച്ചു.

ശക്തവും സ്വാശ്രയവും സമ്പന്നവുമായ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ ശിവാജിയുടെ ജീവിതവും ആദർശങ്ങളും തലമുറകളെ പ്രചോദിപ്പിക്കുന്നത് തുടരുന്നുവെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ബഹുരാഷ്ട്ര നാവിക അഭ്യാസപ്രകടനമായ 'മിലൻ 2026' ന് വിശാഖപട്ടണത്ത് ഇന്ന് ഔദ്യോഗികമായി തുടക്കം കുറിക്കും. വിശാഖപട്ടണം നേവൽ ബേസിലെ സമുദ്രിക ഓഡിറ്റോറിയത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ചടങ്ങ് ഉദ്ഘാടനം ചെയ്യും.

മിലൻ 2026-ന്റെ ഹാർബർ ഫേസ് ഇന്നലെയാണ് ആരംഭിച്ചത്. ഇതിന്റെ ഭാഗമായി നടന്ന സാംസ്കാരിക പരിപാടികളിലും പ്രതിനിധികൾക്കായി ഒരുക്കിയ ഔദ്യോഗിക വിരുന്നിലും വിവിധ രാജ്യങ്ങളിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു.

✪✪✪

സാങ്കേതിക പുരോഗതിയുടെ ഗുണഫലങ്ങൾ ജനങ്ങൾ പൂർണമായും അനുഭവിച്ചു വരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. K-സ്മാർട്ടിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഏറ്റവും വേഗം ലഭ്യമായി തുടങ്ങിയെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ മാങ്ങാട്ടുപറമ്പിൽ തദ്ദേശ ദിനാഘോഷത്തിന്റെ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഉച്ചകഴിഞ്ഞ് സമാപന സമ്മേളനം മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. സ്വരാജ് ട്രോഫി,മഹാത്മ പുരസ്കാരം, മഹാത്മ അയ്യങ്കാളി പുരസ്കാരം, സ്വരാജ് മാധ്യമ പുരസ്കാരം,ലൈഫ് മിഷൻ പുരസ്കാരം, ശുചിത്വ ഗ്രേഡിങ് പുരസ്കാരം എന്നിവ ചടങ്ങിൽ സമ്മാനിക്കും.

✪✪✪

CISF സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തണിനെ നാളെ രാവിലെ സംസ്ഥാന അതിർത്തിയായ തിരുവനന്തപുരം കളയിക്കാവിളയിൽ സ്വീകരിക്കുന്നതിന് ഒരുക്കങ്ങൾ പൂർത്തിയായി.

പൂഞ്ഞാർ, ശംഖുമുഖം ബീച്ച്, വേളി, വെട്ടുകാട്, തുമ്പ VSSC വർക്കല, കൊല്ലം ബീച്ച് എന്നിവിടങ്ങളിലായിരിക്കും സൈക്ലത്തൺ എത്തുക. വൈകിട്ട്

അഴീക്കൽ ബീച്ചിൽ കലാപരിപാടികൾ സംഘടിപ്പിക്കും. പൊലീസ്, NCC കാഡറ്റ് സംഘങ്ങൾ സൈക്ലത്തോണിൽ പങ്കാളികളാവും.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ നാളെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേരും. രാവിലെ 11 ന് തിരുവനന്തപുരത്തെ സ്വകാര്യ ഹോട്ടലിലാണ് യോഗം.

ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 26,000 ത്തോളം അധ്യാപകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയതായി മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഉത്തരവ് നേരത്തെ ആകാമായിരുന്നു എന്ന ആരോപണത്തിൽ പ്രതികരിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ ക്വാണ്ടം സെഞ്ചുറി എക്സിബിഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ക്വാണ്ടം സെഞ്ചുറി എക്സിബിഷനു പുറമെ കോളെജിലെ വിവിധ വകുപ്പുകൾ ഒരുക്കുന്ന എക്സിബിഷനുകളും വിവിധ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ സ്റ്റോളുകളും ആറു ദിവസത്തെ പ്രദർശനത്തിലുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 22 ന്. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 20 വരെ അറിയിക്കാം.

✪✪✪

സംസ്ഥാനത്ത് റമദാൻ വ്രതത്തിന് തുടക്കമായി. പ്രഭാതം മുതൽ പ്രദോഷം വരെ അന്ന പാനീയങ്ങൾ വെടിഞ്ഞ് വ്രതമനുഷ്ടിക്കുന്ന വിശ്വാസികൾ, പ്രാർത്ഥനകളിലും, ഖുർആൻ പാരായണത്തിലും മുഴുകുന്ന ദിനങ്ങളാണ് ഇനി.

ശരീരത്തെയും ആത്മാവിനെയും സംസ്കരിച്ചെടുക്കുന്ന ജീവിത വിശുദ്ധിയുടെ മുപ്പത് ദിനരാത്രങ്ങളിലൂടെയാണ് വിശ്വാസി സമൂഹം കടന്നുപോവുക. നന്മകൾക്ക് പതിൻമടങ്ങ് പ്രതിഫലം ലഭിക്കുന്ന ഈ നാളുകളിൽ സാധുജന സംരക്ഷണത്തിനും ദാനധർമ്മങ്ങൾക്കും വിശ്വാസികൾ കൂടുതൽ പ്രാധാന്യം നൽകും.

✪✪✪

റമസാൻ വ്രതാരംഭത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ആശംസ നേർന്നു. ഈ ശുഭമാസം സമൂഹത്തിൽ ഐക്യത്തിന്റെ ചൈതന്യം വർദ്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. എല്ലായിടത്തും സമാധാനവും സമൃദ്ധിയും ഉണ്ടാകട്ടെയെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ സർവകലാശാലയ്ക്ക് ലഭിച്ച 100 കോടി രൂപയുടെ നിർമാണ-നവീകരണപ്രവൃത്തികൾക്ക് തുടക്കമായി. സർവകലാശാല താവക്കര കാമ്പസിലെ ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ മന്ത്രി ഡോ. ആർ.ബിന്ദു പ്രവൃത്തി ഉദ്ഘാടനം ചെയ്തു.

✪✪✪

ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന് സംസ്ഥാന ഗവൺമെന്റിന്റെ അവാർഡുകൾ പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിലെ മൂന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് പുരസ്കാരം ലഭിച്ചു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

......(വോയ്സ്)......

✪✪✪

രണ്ടാം ട്വന്റി-20 വനിതാ ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ആതിഥേയരായ ഓസ്ട്രേലിയയെ നേരിടും. കാൻബറയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:45 നാണ് മത്സരം.

സിഡ്നിയിൽ ആദ്യ ട്വന്റി -20 മത്സരത്തിൽ ഇന്ത്യ ഓസ്ട്രേലിയയെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

ICC പുരുഷ ട്വന്റി- 20 ക്രിക്കറ്റ് ലോകകപ്പിൽ കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ബാറ്റിംഗ് ആരംഭിച്ച വെസ്റ്റ് ഇൻഡീസ് 166 റൺസ് വിജയലക്ഷ്യം കുറിച്ചു. വെസ്റ്റ് ഇൻഡീസ് നിശ്ചിത ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 165 റൺസെടുത്തു.

നേരത്തെ ടോസ് നേടിയ ഇറ്റലി ഫീൽഡിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

മറ്റൊരു മത്സരത്തിൽ കൊളംബോയിൽ ഉച്ച കഴിഞ്ഞ് മൂന്നിന് ശ്രീലങ്ക, സിംബാബ്‌വെയെ നേരിടും.

വൈകിട്ട് ഏഴിന് ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ അഫ്ഗാനിസ്ഥാൻ, കാനഡയുമായി ഏറ്റുമുട്ടും.

✪✪✪

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സാപ്പിഴവെന്ന പരാതി ഉയർന്ന സംഭവത്തിൽ കുഞ്ഞിന്റെ പോസ്റ്റുമോർട്ടം നടപടികൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുരോഗമിക്കുന്നു. പോസ്റ്റ് മോർട്ടത്തിന് ശേഷം കുഞ്ഞിന്റെ മൃതദേഹം മാതാപിതാക്കൾക്ക് വിട്ടു നൽകും.

ഡോക്ടർമാരുടെ അന്വേഷണ സമിതി കുഞ്ഞിന്റെ അച്ഛന്റെയും അമ്മയുടെയും മൊഴിയെടുത്തു.കഴിഞ്ഞ ദിവസമാണ് പ്രസവ ശാസ്ത്രക്രിയക്കിടെ തിരുവനന്തപുരം പാലോട് സ്വദേശിയായ നിരഞ്ജനയുടെ കുഞ്ഞ് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ മരിച്ചത്.

✪✪✪

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നടന്ന അനിഷ്ട സംഭവങ്ങളിൽ പ്രതിഷേധിച്ച് KGMOA തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ നിസ്സഹകരണ സമരം തുടങ്ങി. ഉചിതമായ തീരുമാനങ്ങൾ ഉണ്ടായില്ലെങ്കിൽ സംസ്ഥാനവ്യാപകമായി സമരം വ്യാപിപ്പിക്കുമെന്ന് KGMOA അറിയിച്ചു.

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാത ശിശു മരണവുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസറെയും ആശുപത്രി സൂപ്രണ്ടിനെയും ആക്രമിക്കുകയും ബന്ദികളാക്കുകയും ചെയ്ത സംഭവത്തെ അസോസിയേഷൻ അപലപിച്ചു.

✪✪✪

ഇടുക്കി അടിമാലി കൊമ്പൊടിഞ്ഞാലിൽ ഒരു കുടുംബത്തിലെ നാലുപേർ വീടിനുള്ളിൽ വെന്തുമരിച്ച സംഭവത്തിൽ അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടു. ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന ജനകീയ സമിതിയുടെ പരാതിയെത്തുടർന്നാണ് നടപടി. ഇടുക്കി ജില്ലാ പോലീസ് മേധാവി KM സാബു മാത്യുവിന്റേതാണ് ഉത്തരവ്. ക്രൈംബ്രാഞ്ച് DYSP ജോയ് മാത്യുവിനാണ് അന്വേഷണ ചുമതല.

അതേസമയം കേസ് അന്വേഷണം വൈകുന്നതിൽ പ്രതിഷേധിച്ച് നാളെ കൊന്നത്തടി പഞ്ചായത്തിൽ ജനകീയ സമിതി ഹർത്താലിന് ആഹ്വാനം ചെയ്തു. കഴിഞ്ഞ വർഷം മെയ് ഒൻപതിനാണ് തെള്ളിപ്പടവ് സ്വദേശി അനീഷിന്റെ ഭാര്യ ശുഭ, മക്കളായ അഭിനന്ദ്, അഭിനവ്, മാതാവ് പൊന്നമ്മ എന്നിവർ വീടിനുള്ളിൽ വെന്തുമരിച്ചത്.

✪✪✪

കൊച്ചി -മുസിരിസ് ബിനാലെയുടെ അനുബന്ധ പരിപാടി ഇന്നും നാളെയും കണ്ണൂർ VK കൃഷ്ണമേനോൻ സ്മാരക ഗവ: വനിത കോളേജിൽ നടത്തും

ചലച്ചിത്രോത്സവം, കൂടിയാട്ടം - സോദാഹരണ പ്രഭാഷണം, കല- കാലം-കലാപം എന്ന വിഷയത്തിൽ സംവാദം എന്നിവ ഉണ്ടാകും. ഉച്ചയ്ക്ക് പത്മശ്രീ സദനം ബാലകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ 22 വരെ ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs: ഫസ്ന ഫാത്തിമ, പ്രവീൺ*
*DEO: ഷീബ*